## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2517 — 12/02/2020-ൽ മറുപടിയ്ക്ക്

### വായ്പകുടിശ്ശിക തവണകളായി അടയ്ക്കുന്നതിന് സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ ജില്ലാ ബാങ്കുകൾ എല്ലാംതന്നെ കേരളാ ബാങ്കിന്റെ ഭാഗമായതോടെ നിലവിൽ ജില്ലാ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത് കുടിശ്ശിക ആയവരുടെ പേരിൽ സർഫാസി നിയമമുപയോഗിച്ച് ജപ്തിയുൾപ്പെടെയുള്ള നടപടിയിലേക്ക് ബാങ്കുകൾ നീങ്ങിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 13 ജില്ലാ സഹകരണ ബാങ്കുകൾ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച തീയതിയ്ക്കു മുമ്പ് തന്നെ സംസ്ഥാന സഹകരണ ബാങ്കും ജില്ല സഹകരണ ബാങ്കുകളും സർഫാസി നിയമമനുസരിച്ച് സ്വീകരിച്ചു വന്ന റിക്കവറി നടപടികൾ ഇപ്പോഴും തുടരുന്നു. |
| (ബി) | തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി കൾക്കുപകരം ഉണ്ടായിരുന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികളുടെ അധികാരം ഇല്ലാതായതോടെ ജില്ലാ ബാങ്ക് അധികൃതർ കാലാവധി നീട്ടി നൽകുകയോ തവണകൾ അനുവദി ക്കുകയോ ചെയ്യാതെ പെട്ടെന്നുതന്നെ ജപ്തി നടപടിയിലേക്ക് നീങ്ങിയതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | നിയമാനുസൃതമായി ചെയ്യേണ്ട നോട്ടീസ് നടപടികൾ പൂർത്തീകരിച്ച ശേഷം ബാങ്കിന്റെ വായ്പാ കുടിശ്ശിക പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികളാണ് ചെയ്തുവരുന്നത്. വായ്പാ കുടിശ്ശികക്കാരെ സഹായിക്കുന്നതിനു വേണ്ടി ഇപ്പോൾ 01.02.2020 മുതൽ 31.03.2020 വരെ പരമാവധി ഇളവുകളോടെയുള്ള OTS സ്കീമും നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | മൊറട്ടോറിയം കാലയളവിൽ പോലും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന തര ത്തിൽ ബാങ്കധികൃതർ ഇത്തരത്തിൽ ഇടപെട്ടത് സർക്കാർ അന്വേ ഷിക്കുമോ; | (സി) | സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകളിലുമുള്ള ജപ്തി നടപടികൾക്ക് 31.12.2019 വരെ നൽകിയിരുന്ന മോറട്ടോറിയത്തിന്റെ കാലാവധി 31.03.2020 |

| | | | |
|---|---|---|---|
| | | | വരെ ദീർഘിപ്പിച്ചുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ജപ്തി നടപടികൾ സംബന്ധിച്ച പരാതി ലഭിക്കുന്ന പക്ഷം ആയത് അന്വേഷിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | വായ്പകുടിശ്ശിക വന്നവർക്ക് സമയം നീട്ടി നൽകി കുടിശ്ശിക തവണകളായി അടയ്ക്കുന്നതിനുള്ള സംവിധാനമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | കുടിശ്ശിക വായ്പകളിൽ പരമാവധി ഇളവുകളോടുകൂടി കണക്ക് അവസാനിപ്പിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. എന്നാൽ കുടിശ്ശിക വായ്പകളുടെ സമയപരിധി നീട്ടി നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുന്ന പദ്ധതി നിലവിലില്ല. |

**സെക്ഷൻ ഓഫീസർ**